ESPATCH On. 6/12/23.


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

**E-mail: sic.ker@nic.in**


**ഹർജി നമ്പർ AP. 897*(2)/2020*/എസ്.ഐ.സി തീർപ്പ കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 6106/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സി.എം. ദാസപ്പൻ,
ത്രിവേണി, തെക്കെനട,
വൈക്കം, കോട്ടയം – 686 141. } ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
വെള്ളൂർ ഗ്രാമപഞ്ചായത്ത്, മേവെള്ളൂർ(പി.ഒ),
കോട്ടയം – 686 609.

2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പഞ്ചായത്ത് അസി.ഡയറക്ടർ ഓഫീസ്,
സിവിൽ സ്റ്റേഷൻ, കോട്ടയം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09/01/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10/02/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09/03/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13/04/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10/06/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16/06/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 14/12/2022<br>ആഡിയോ/വീഡിയോ കോൺഫറൻസിങ്ങ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സി.എം. ദാസപ്പൻ 10/06/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 16/06/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 897(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 09/01/2020 തീയതി സമർപ്പിച്ച അപേക്ഷയിൽ 2017-18, 2018-19 സാമ്പത്തിക വർഷം (ഏപ്രിൽ ഒന്ന് മുതൽ മാർച്ച് 31 വരെ) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് വേണ്ടി പഞ്ചായത്തിന് ലഭിച്ചതും ചെലവഴിച്ചതും ഓരോ സാമ്പത്തിക വർഷം സമർപ്പിച്ച താഴെപ്പറയുന്ന വിവരങ്ങളാണ്.

1.
   a) ലഭിച്ച തുകയും
   b) മുൻവർഷത്തെ നീക്കിയിരുപ്പും
   c) സ്പിൽ ഓവറും
   d) ചിലവഴിച്ച തുകയും
   e) നീക്കിയിരുപ്പും
   f) നീക്കിയിരിപ്പുണ്ടാകാൻ ഉള്ള സാഹചര്യം വിശദമാക്കണമെന്നും

2. ഗുണഭോക്താക്കളുടെ വിവരവും

   എ) പേരും

   ബി) ഫുൾ അഡ്രസ്സും, പിൻ നമ്പറും, ഉൾപ്പടെ വാർഡ് ഫോൺ നമ്പറും

3. ഏതെല്ലാം സ്കീം വഴി നൽകിയെന്നും

4. തുക നൽകിയ തീയതി, ഏത് രീതിയിൽ നൽകിയെന്നും, തുക കൈപ്പറ്റിയതിന്റെ(ഒപ്പ്) രേഖ, ബാങ്ക് വഴിയെങ്കിൽ ബന്ധപ്പെട്ട രേഖയെന്നും മറ്റുമായി 9 ഇനം വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 10/02/2020-ന് എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 09/03/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 13/04/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 06/12/2022 തീയതി കമ്മീഷനിൽ ലഭിച്ച രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, കമ്മീഷന് മുമ്പാകെ അപ്പീൽവാദി ആവശ്യപ്പെടുന്നത് പ്രകാരം 2017/18, 2018-19 സാമ്പത്തിക വർഷം പണം ചെലവഴിച്ചതിന്റെ ബിൽ വിവരങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് വേണ്ടി മാത്രമുള്ളത് ഔദ്യോഗിക നടപ്പ സമ്പ്രദായ രീതികളോ ഏതെങ്കിലും ഒരു പ്രത്യേക നിയമം മൂലമോ നിഷ്കർ ഷിച്ചിട്ടില്ലാത്തതിനാൽ പ്രത്യേകം തരം തിരിച്ച് വൗച്ചറും മറ്റ് രേഖകളും തിട്ടപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി സാമ്പത്തിക വർഷത്തെ ചെലവുകൾ രേഖപ്പെടുത്തിയുള്ള മുഴുവൻ രേഖകളും പരിശോധിച്ചാൽ മാത്രമേ അപ്പീൽവാദി ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകുവാൻ കഴിയുകയുള്ളൂവെന്നും, ആയതിനാൽ ടി വൗച്ചർ പരിശോധിച്ച് ആവശ്യമുള്ള ബിൽ വിവരങ്ങൾ അപ്പീൽവാദി ആവശ്യപ്പെടുന്നപക്ഷം ആയതിന്റെ പകർപ്പ് അപ്പീൽവാദിക്ക നൽകാം എന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ രണ്ടാമത്തെ ചോദ്യത്തിന് സൗജന്യമായി വിവരം നൽകണമെന്നാണ് കമ്മീഷൻ നിർദ്ദേശിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പരാതി ഹർജി ഇന്നേ ദിവസം 2023 ജനുവരി 6-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV